LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ആറന്മുള വിമാനത്താവള പദ്ധതിക്കുവേണ്ടി മണ്ണിട്ട് നികത്തിയ പുറമ്പോക്ക് തോട് പൂർവ്വസ്ഥിതിയിലാക്കാൻ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 16-6-2014-ലെ WP(C)6519/2014-ാം നമ്പർ കോടതിവിധി പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ടി കേസിലെ ഒന്നാം പ്രതിയായ പത്തനംതിട്ട ജില്ലാ കളക്ടർ ബന്ധപ്പെട്ട കക്ഷികളെകൂടി നേരിൽ കേട്ടശേഷം തോട് പൂർവ്വസ്ഥിതിയിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുവാനാണ് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ളത്. WP(c) No. 6519/14-ലെ 16-6-14-ലെ വിധിന്യായത്തിനെതിരെ കെ.ജി.എസ് ആറന്മുള അന്താരാഷ്ട്ര വിമാനത്താവള കമ്പനി 665/2014 നമ്പരായി റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തിരുന്നതും 26-11-2014-ലെ ഉത്തരവ് പ്രകാരം റിവ്യൂ പെറ്റീഷണർ കമ്പനിയെകൂടി കേട്ടതിനുശേഷമേ WP(C)No. 6519/14-ലെ 16-6-2014-ലെ വിധിന്യായത്തിൻമേൽ ജില്ലാ കളക്ടർ തീരുമാനമെടുക്കാവൂ എന്ന് ഹൈക്കോടതി ഉത്തരവായിട്ടുണ്ട്.

(ബി) വിധി നടപ്പിലാക്കിയിട്ടില്ല. വിധിന്യായ പകർപ്പ് ലഭിച്ച് ഒരു മാസത്തിനകം നടപടി സ്വീകരിക്കുവാനായിരുന്ന ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയിലെ നിർദ്ദേശം.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കോടതിവിധി അവഗണിച്ച് നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല

അഴിയൂർ ഏറാമല, വടകര മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ നിന്നുമുള്ള മണൽ എടുപ്പ്

169 (1212) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര നിയോജകമണ്ഡലത്തിലെ അഴിയൂർ, ഏറാമല, വടകര മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽനിന്നും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണൽ എടുത്തതിന്റെ ഫലമായി എത്ര രൂപ സർക്കാരിന് ലഭിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) മണൽ എടുത്തതിന്റെ ഫലമായി പുഴയോരം താഴോട്ട് പോയത് സംരക്ഷിക്കുന്നതിനുവേണ്ടി റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും ഏതെങ്കിലും തുക ഇവിടുത്തേക്ക് അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ പുഴയോരങ്ങൾ തകർന്നു കൊണ്ടിരിക്കുന്ന സ്ഥലങ്ങൾ സംരക്ഷിക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മണൽ എടുത്തതിന്റെ ഫലമായി അഴിയൂർ, ഏറാമല ഗ്രാമപഞ്ചായത്തുകളിൽനിന്നും സർക്കാരിലേക്ക് ലഭിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു. വടകര മുനിസിപ്പാലിറ്റിയിലെ പുഴകളിൽ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ട് പ്രകാരം അംഗീകൃത മണൽ കടവുകൾ പ്രവർത്തിക്കുന്നില്ല.

	അഴിയൂർ ഗ്രാമപഞ്ചായത്ത്	ഏറാമല ഗ്രാമപഞ്ചായത്ത്
റിവർ മാനേജ്മെന്റ് ഫണ്ട് വിഹിതം	2,75,145	6,12,168
ഗ്രാമപഞ്ചായത്ത് വിഹിതം	2,75,145	6,12,168
റോയൽറ്റി	77,070	1,32,560
വാറ്റ്	2,34,917	3,75,079
ആകെ	8,62,277 രൂപ	17,31,975 രൂപ

(ബി) പുഴയോരം കെട്ടി സംരക്ഷിക്കുന്നതിനുള്ള 2 പ്രവൃത്തികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly